# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1720 21.01.2014-ൽ മറുപടിയ്ക്ക്**

**ചാലക്കുടി മണ്ഡലത്തിൽ ആധുനിക മാംസ സംസ്കരണ ഫാക്ടറി സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ബി.ഡി.ദേവസ്സി | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) | ചാലക്കുടി മണ്ഡലത്തിൽപെട്ട പരിയാരം പഞ്ചായത്തിലെ കാഞ്ഞിരപ്പിള്ളിയിൽ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ ഉടമസ്ഥതയിലുള്ള 15 ഏക്കർ സ്ഥലത്ത് ആധുനിക മാംസ സംസ്കരണ ഫാക്ടറി സ്ഥാപിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; ഫാക്ടറിയുടെ നിർമ്മാണം ആരംഭിക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ; | എ) | കസ്തൂരിരംഗൻ കമ്മറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചാലക്കുടിയിൽ മാംസ സംസ്കരണ ഫാക്ടറി സ്ഥാപിക്കുന്നതിന് ഉദ്ദേശിച്ച സ്ഥലം പരിസ്ഥിതിലോല പ്രദേശമായി നിശ്ചയിക്കുകയുണ്ടായി. ഈ പ്രദേശം പശ്ചിമഘട്ട പരിസ്ഥിതിലോല പ്രദേശത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ടവർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കും. |
| ബി) | പ്രസ്തുത 15 ഏക്കറിൽനിന്നും കോടശ്ശേരി-പരിയാരം കുടിവെള്ള പദ്ധതിയുടെ ട്രീറ്റ്മെന്റ് പ്ളാന്റ് സ്ഥാപിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് ആവശ്യമായ സ്ഥലം നൽകുന്നതിനുള്ള അപേക്ഷയിൽ അടിയന്തിര നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ? | ബി) | കാഞ്ഞിരപ്പിള്ളിയിൽ മാംസ സംസ്കരണ പദ്ധതി സ്ഥാപിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന് പദ്ധതി സമർപ്പിക്കുകയും ആർ.കെ.വി.വൈ പദ്ധതിയുടെ കീഴിൽ രണ്ടു കോടി രൂപ അനുവദിക്കുകയും ചെയ്ത സാഹചര്യത്തിൽ കോടശ്ശേരി- പരിയാരം കുടിവെള്ള പദ്ധതിയുടെ ട്രീറ്റ്മെന്റ് പ്ളാന്റ് സ്ഥാപിക്കുന്നതിന് പ്രസ്തുത സ്ഥലം അനുവദിക്കുന്നതിന് നിർവ്വാഹമില്ല . |

Seele

സെക്ഷൻ ഓഫീസർ